## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *572.** **27.10.2011-ൽ മറുപടിക്ക്**

### അന്യസംസ്ഥാന തൊഴിലാളികളുടെ പശ്ചാത്തലം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി കേരളത്തിൽ എത്തുന്ന തൊഴിലാളികളുടെ കൂടെ അവരുടെ കുടുംബവും എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇത്തരം എത്ര തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ് എത്തിച്ചേരുന്നതെന്ന് കൃത്യമായ കണക്കുകൾ ലഭ്യമാണോ; ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ കുടിയേറ്റ തൊഴിലാളി ക്ഷേമനിധിയിൽ അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുമ്പോൾ അവരുടെ സ്വദേശവും കുടുംബാംഗങ്ങളുടെ പേരും എണ്ണവും രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. 24.10.2011 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ എണ്ണം 18206 എന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. എങ്കിലും കുടുംബാംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഇവർക്ക് കാർഡും വിതരണം നടത്തിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾ എവിടെയാണ് ജോലി ചെയ്യുന്നത്, അവരുടെ സ്വദേശം, കുടുംബാംഗങ്ങളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്നും പ്രസ്തുത രജിസ്റ്റർ ഒരു സമയക്രമം വച്ച് നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന് പരിശോധനയ്ക്ക് നൽകണമെന്നും നിർദ്ദേശിക്കുമോ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ